# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.57

## 03-03-2020 ൽ മറുപടിക്ക്

**മസാലബോണ്ട് വഴി ശേഖരിച്ച പണം**

| ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. ടി.എ.അഹമ്മദ് കബീർ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിലേക്ക് ഫണ്ട് ശേഖരിക്കുന്നതിന് വേണ്ടി മസാല ബോണ്ട് പുറപ്പെടുവിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ എന്തെങ്കിലും തരത്തിലുള്ള കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | കിഫ്ബിയിലേക്ക് ഫണ്ട് ശേഖരിക്കുന്നതിന് വേണ്ടി മസാല ബോണ്ട് പുറപ്പെടുവിച്ചതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ഇതിനു മുൻപ് രണ്ടു തവണ പ്രസ്തുത വിഷയം സംബന്ധിച്ച് ഇതേ പെറ്റീഷണർ ഫയൽ ചെയ്തിരുന്നെങ്കിലും കോടതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പ്രാഥമിക ഘട്ടത്തിൽ തന്നെ അവ പിൻവലിക്കുകയായിരുന്നു. ഇത് മൂന്നാം തവണയാണ് ഈ വിഷയം കോടതിയിൽ ഫയൽചെയ്യപ്പെടുന്നത്. ഈ കേസിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി മാർച്ച് മാസം വാദം കേൾക്കുന്നതാണ്. |
| (ബി) മസാലബോണ്ട് വഴി കിഫ്ബിയിലേക്ക് ഇതുവരെ ലഭിച്ച പണം എത്രയെന്ന് അറിയിക്കാമോ; | മസാലബോണ്ട് വഴി കിഫ്ബി 2150 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| (സി) ഇതിന് കണക്കാക്കിയ പലിശ, തിരിച്ച് നൽകേണ്ട കാലാവധി തുടങ്ങിയ കാര്യങ്ങൾ വിശദമാക്കാമോ; | മസാല ബോണ്ടിന്റെ കാലാവധിയായ 5 വർഷം തികയുമ്പോൾ പലിശയും മുതലും ഉൾപ്പടെ ആകെ 3195.98 കോടി രൂപ തിരികെ അടക്കേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ